# കർഷകനും ഉപഭോക്തൃസംരക്ഷണ നിയമവും

എം. വി. മാത്യു.

---

ഒരു കൺസ്യൂമർ ന്യൂസ് ബുക്ക് ക്ലബ്ബ് പ്രസിദ്ധീകരണം

ഉപഭോക്തൃ വിദ്യാഭ്യാസത്തിനായി
പ്രസിദ്ധീകരിക്കുന്നു.

കൺസ്യൂമർ ന്യൂസ് ബുക്ക് ക്ലബ്ബ് എടൂർ,
പായം– 670 704
ഫോൺ: 049849–475

---

വില 3 രൂപ.

പ്രിയ ഉപഭോക്തൃ സുഹൃത്തുക്കളെ,



നമ്മുടെ രാജ്യത്തിലെ ഏററവും കൂടുതൽ ജനങ്ങൾ കർഷകരാണ്. കർഷകരായ ജനങ്ങൾ അസംഘടിതരാണ്. അവരെ ഒരുമിപ്പിക്കാനും അവരുടെ അവകാശങ്ങൾ നേടികൊടുക്കാനും ശ്രമിക്കുന്നതിനുപകരം ജാതിയും, മതവും, വർഗ്ഗവും, ഭാഷയും, പ്രദേശവും വഴി അവ വിഭിന്ന ഗ്രൂപ്പുകളിലാക്കി അവരുടെ അവകാശങ്ങൾ നിഷേധിക്കുന്ന അവസ്ഥയാണ് ഇന്ന് കാണുന്നത്.

അസംഘടിതരായ അവരെ രാഷ്ട്രീയ പാർട്ടികളും, മതസംഘടനകളും, വ്യാപാരി വ്യവസായികളും, ഉദ്യോഗസ്ഥൻമാരും എന്തിന്, സംഘടിതരായ ന്യൂനപക്ഷങ്ങൾ എല്ലാം അവരെ ചൂഷണം ചെയ്യുന്നു.

ഈ സംഘടിത ചൂഷണത്തിൽ നിന്ന് ഒരളവുവരെയെങ്കിലും മോചനം ലഭിക്കുന്ന നല്ലൊരു നിയമമാണ് 1986-ൽ ശ്രീ. രാജീവ് ഗാന്ധി ഇന്ത്യൻ പാർലമെൻറിൽ പസ്സാക്കിയ ഉപഭോക്തൃ സംരക്ഷണ നിയമം 1986. ഈ നിയമ പ്രകാരം കർഷകൻ വിത്തും, വളവും, പണിയായുധങ്ങളും, കീടനാശിനികളും, ഇൻഷ്വൂർ ചെയ്യുമ്പോഴും, വാഹനത്തിൽ സാധനങ്ങൾ കൊണ്ടു പോകുമ്പോഴും, എല്ലാം അവന് ചൂഷണമുണ്ടായാൽ അതിൽ നിന്നെല്ലാം പണം മുടക്കില്ലാതെ വക്കീലില്ലാതെ, കോർട്ട്ഫീ ഇല്ലാതെ മോചനം നേടി എടുക്കുവാൻ സാധിക്കുന്ന നിയമം. സ്വത്തിൻെറ റിക്കാർഡുകൾ ശരിയാകുമ്പോഴോ മറേറതെങ്കിലും ഘട്ടത്തിലോ, ഉദ്യോഗസ്ഥൻമാരിൽ നിന്നും കാലതാമസമുണ്ടായാലും നഷ്ടം നേടി എടുക്കുവാൻ സാധിക്കുന്ന നിയമം. ഉപഭോക്തൃ സംരക്ഷണ നിയമം പത്താം വർഷത്തിൽ കാലൂന്നിയിരിക്കുന്ന ഈ അവസരം നിയമത്തിൻെറ പ്രാധാന്യം എല്ലാകർഷകരും മനസ്സിലാക്കുന്നതിന് 'ഡിസംബർ 23' കാർഷിക ദിനാചരണദിനത്തിൽ ഈ പുസ്തകം ഈ രാജ്യത്തിലെ അദ്ധ്വാനിക്കുന്ന കർഷകർക്കായി സമർപ്പിക്കുന്നു.

*എം. വി. മാത്യു.*
പ്രസിഡൻറ് നോസർ-ഇന്ത്യ.
കൺസ്യൂമർ ന്യൂസ് ബുക്ക്ക്ലബ്ബിനുവേണ്ടി.

1st Printed 10-1-96-Copies-5000
Printed Sammanam Printers, Edoor.

# കർഷകനും ഉപഭോക്തൃ സംരക്ഷണ നിയമവും

നമ്മുടെ രാജ്യം ഒരു കാർഷിക രാജ്യമാണല്ലോ? ഇവിടുത്തെ എൺപതു ശതമാനം ആൾക്കാരും കൃഷി ഉപജീവനമാർഗ്ഗമായി സ്വീകരിച്ചവരുമാണ്. എന്നാൽ കർഷകർക്ക് ജാതിയും, മതവും, വർഗ്ഗവും, രാഷ്ട്രീയവും മറന്ന് കർഷകരുടെ ആവശ്യങ്ങൾ നേടി എടുക്കാൻ ഒന്നായി ഒററക്കെട്ടായി ഒരുമിക്കാൻ കഴിയുന്നില്ല.

കർഷകരെ വ്യത്യസ്ത രാഷ്ട്രീയ പാർട്ടികൾ തങ്ങളുടെ താൽപര്യങ്ങൾ സംരക്ഷിക്കുവാൻ ഭിന്നിപ്പിച്ചു നിറുത്തിയിരിക്കുന്നു. ഇവിടെ ഒരു മോചനം-കർഷകർക്ക് ജാതിയും, മതവും രാഷ്ട്രീയവും മറന്ന് ഒന്നായി പ്രവർത്തിക്കുവാൻ ഒരു വേദി 1986 ൽ ഉപഭോക്തൃ സംരക്ഷണ നിയമം നിലവിൽ വന്നതോടുകൂടി സംജാതമായിരിക്കുന്നു.

കർഷകരുടെ പ്രശ്നങ്ങൾക്ക് ഒന്നായി പ്രതികരിക്കുവാൻ മടിച്ചാൽപോലും ഉപഭോക്തൃ പ്രശ്നങ്ങൾ ഉണ്ടാകുമ്പോൾ കൂട്ടായി, ഒരുമിച്ച് ചൂഷണത്തിൽ നിന്നും മോചനം നേടുവാൻ ഈ നിയമം വഴി സാധിക്കുന്നു,

1986-ൽനമ്മുടെരാജ്യത്തുണ്ടായ ഉപഭോക്തൃ സംരക്ഷണ നിയമം വഴി കർഷകർക്ക് വളരെയധികം പ്രയോജനം നല്കുന്നു. വക്കീലിൻെറ സഹായം കൂടാതെ, കോർട്ട് ഫീ കൂടാതെ സ്റ്റാമ്പു കൂടാതെ സാധാരണ കർഷകന് താൻ വാങ്ങിയ സാധനങ്ങൾക്കോ, തനിക്കു ലഭിച്ച സേവനങ്ങൾക്കോ, എന്തെങ്കിലും തകരാർ സംഭവിച്ചാൽ അതിന് പരിഹാരം ലഭിക്കുന്നില്ലെങ്കിൽ ഉപഭോക്തൃതർക്കപരിഹാരഫോറത്തിൽ പരാതിസമർപ്പിക്കാം. കർഷകന് സ്വയം പരാതിസമർപ്പിക്കാം. കർഷകന് സ്വയം ഫോറത്തിൽ പോയിതൻെറ കേസ് വാദിച്ച് നഷ്ടപരിഹാരം നേടുകയും ചെയ്യാം.

കർഷകർ കൃഷിക്ക് വാങ്ങുന്ന വിത്തിന് അമിതഗുണമുണ്ടെന്ന് പറഞ്ഞ് നല്കുകയും കൃഷി കഴിയുമ്പോൾ അതിന് പറഞ്ഞ ഗുണമില്ലാതിരിക്കുകയും ചെയ്താൽ ഫോറത്തിൽ പരാതിപ്പെടാം. റബ്ബർ, കമുക്, തെങ്ങ് ഇവ വാങ്ങി കൃഷി ചെയ്ത് ഏഴും, എട്ടും വർഷങ്ങൾ കഴിഞ്ഞാണ് ആദായം ലഭിക്കുക. നൂറു

റബ്ബറിന് പത്ത് ഷീററു കിട്ടുമെന്ന് നേഴ്സറിക്കാരൻ റബ്ബർ തൈ തരുമ്പോൾ പറയുകയും റബ്ബർ ടാപ്പുചെയ്യുന്ന അവസരം നൂറുമരത്തിന് രണ്ടു ഷീററുപോലും കിട്ടാത്ത അവസ്ഥയിൽ; തീർച്ചയായും കർഷകന് പരാതിപ്പെടാം.

ഒരു കുലയിൽ നൂറുതേങ്ങഉണ്ടാകും എന്നും അഞ്ചാം വർഷം കായ്ഫലം തരുകയും ചെയ്യും എന്നുപറഞ്ഞ് തെങ്ങിൻ തൈ തരുകയും നേഴ്സറിക്കാരൻ പറഞ്ഞ എല്ലാരീതിയിലും തെങ്ങിൻ തൈ പരിപാലിക്കുകയും ചെയ്തിട്ട് അഞ്ചുവർഷത്തിനു ശേഷം ചൊട്ടപോലും വരാതിരിക്കുകയും ഏഴുവർഷമാകുമ്പോൾ ഒരു കുലയിൽ രണ്ടു തേങ്ങാ ഉണ്ടാകുകയും ചെയ്യുമ്പോൾ തീർച്ചയായും പരാതിപ്പെട്ട് പരിഹാരം നേടാം.

പരാതികൾ നല്കണമെങ്കിൽ ബില്ലുകൾ വേണം. ആയതിനാൽ എപ്പോഴും റബ്ബർ തൈ ആയാലും, തെങ്ങിൻ തൈ ആയാലും കമുകിൻ തൈ ആയാലും മററ് കൃഷി വസ്തുക്കളാണേലും ബില്ലുകൾ വാങ്ങുവാൻ പ്രത്യകം ശ്രദ്ധിക്കുക. അതു സൂക്ഷിക്കുക.

കർഷകനെ ചൂഷണം ചെയ്യുന്ന മറെറാരു മേഖലയാണ് ബാങ്കുകൾ ബാങ്കുകൾ പ്രയോജനകരമല്ലാത്ത സ്കീമുകൾ വഴിയും, അധികപലിശ ഈടാക്കിയും ചൂഷണം ചെയ്യുമ്പോൾ ഉപഭോക്തൃ തർക്ക പരിഹാരഫോറത്തിൽ പരാതിപ്പെട്ട് പരിഹാരം നേടാം.

വളം വാങ്ങുമ്പോൾ ഗുണം ഇല്ലാതിരിക്കുകയും ചാക്കിൽ വേണ്ടതൂക്കം ഇല്ലാതിരിക്കുകയും ചെയ്യുന്ന അവസരം നഷ്ടം സഹകരണ ബാങ്ക് സ്റ്റോറായാലും –വ്യാപാരിയായാലും പരിഹരിക്കുന്നില്ലെങ്കിൽ ഫോറത്തിൽ പരാതി സമർപ്പിച്ച് പരിഹാരം കാണാം.

കീടനാശിനി കാലാവധി കഴിഞ്ഞതു വ്യാപാരി നല്കിയാൽ അധിക വില ഈടാക്കിയാൽ പറയുന്ന ഗുണം ഇല്ലെങ്കിൽ ഫോറത്തിൽ പോയി പരിഹാരം നേടാം.

തെങ്ങിനും, വാഴയ്ക്കും മററും വെള്ളം ഒഴിക്കുവാൻ പമ്പ് വാങ്ങുമ്പോൾ ഒരു സെക്കൻറിൽ ഇത്ര ലിററർ വെള്ളം –



പമ്പ് ചെയ്യുമെന്ന് പറയുകയും ആ ഗുണം ലഭിക്കാതെ വരുമ്പോഴും, അധികവില വാങ്ങിയാലും I. S. I. മാർക്കില്ലാത്ത ഗുണം കുറഞ്ഞ പമ്പ് നല്കി പററിച്ചാലും പരിഹാരം നേടാം.

കർഷകനെ ചൂഷണം ചെയ്യുന്ന മറെറാരു മേഖലയാണ് പൈപ്പ്. I. S. I. മാർക്കുണ്ടെന്ന വ്യാജേനയും മററ് കമ്പനികളുടെ വ്യാജസീലടിച്ചും വില്പന നടത്തുന്നു. ഇവിടെയെല്ലാം കർഷകന് പ്രയോജന കരമാണ് ഈ നിയമം.

പശുവിനെയും കൃഷിയെയും ഇൻഷൂർ ചെയ്തിട്ട് ആയതിന് നഷ്ടം സംഭവിക്കുമ്പോൾ നഷ്ടപരിഹാരം തരാതെ കാലതാമസം വരുത്തുന്ന ഇൻഷൂറൻസ് കമ്പനികൾക്കെതിരെയും പരാതി നല്കാം. ഇൻഷൂറൻസ് കേസുകളിൽ റിക്കാർഡുകളുടെ കോപ്പി സൂക്ഷിക്കുവാൻ മറക്കാതിരിക്കുക.

ഗവൺമെൻറ് ആഫീസുകളിലെത്തുന്ന കർഷകരെ പ്രത്യേകിച്ചു രജിസ്റ്റർ ഓഫീസ്, പഞ്ചായത്താഫീസ്, വില്ലേജാഫീസ് കർഷകരെ വളരെയധികം വിഷമിപ്പിക്കാറുണ്ട്, അനാവശ്യമായ കാലതാമസം ഉണ്ടാക്കാറുണ്ട്, ഇവിടെയൊക്കെ കർഷകന് ഉപഭോക്തൃ തർക്ക പരിഹാരഫോറത്തിൽ പരാതി സമർപ്പിച്ച് പരിഹാരം കാണാം. റബ്ബർ റോളർ കേടായാൽ, ടെലിഫോൺ, കൃഷി ആവശ്യത്തിന് വെള്ളം തരാത്തതിന്, വൈദ്യുതി കൃത്യമായി ലഭിക്കാത്തതിന്, ഡോക്ടർമാരുടെ സേവനത്തിൽ തകരാർ സംഭവിക്കുമ്പോൾ പരാതിക്ക് പരിഹാരം ലഭിച്ചിട്ടില്ലെങ്കിൽ ഫോറത്തിൽ പരാതി സമർപ്പിച്ച് പരിഹാരം നേടാവുന്നതാണ്.

കർഷകന് കൃഷിപ്പണിക്കിടയിൽ പരാതിപ്പെടുവാൻ പോകാൻ സമയം ഇല്ല, ഫോറമോ കോടതിയോ ചെല്ലുവാൻ പറയുന്ന ദിവസം പോകുവാൻ സാധിക്കില്ല. ഇവിടെ അഭിഭാഷകരുടെ സേവനം തേടുന്നു, ഇവിടെ അഭിഭാഷകനും കർഷകരെ ചൂഷണം ചെയ്യുന്നു. ഈ ചൂഷണത്തിനെതിരെയും ഫോറത്തിൽ പരാതി സമർപ്പിക്കാം.

ഫോറത്തിൽ പരാതി സമർപ്പിക്കുന്നത് ഒരു പരാതി സംഭവിച്ച് രണ്ടു വർഷത്തിനുള്ളിലായിരിക്കണം, നിങ്ങൾ അറിയാവുന്ന ഭാഷയിൽ വെള്ളക്കടലാസിൽ തയ്യാറാക്കിയാൽ മതി. (ഫോറത്തിൽ പരാതി സമർപ്പിക്കുന്നത് എങ്ങിനെ? എന്ന പുസ്തകം

കാണുക. വില മൂന്നുരൂപ), നിങ്ങൾഫോറത്തിൽ പോകേണ്ട. പരാതി വീട്ടിനടുത്തുള്ള പോസ്റ്റാഫീസിൽ നിന്നും രജിസ്റ്റർ ചെയ്ത് A. D. കാർഡ് സഹിതം അയച്ചാൽ മതി, കേസ്സിന് ഹാജരാകാൻ ഫോറം ആവശ്യപ്പെടുമ്പോൾ ഹാജരായാൽ മതി.

പരാതി നല്കുമ്പോൾ ബില്ലുകളുടെ ഫോട്ടോ സ്റ്റാററ് കോപ്പി നല്കുക. നേരിൽ ചെല്ലുന്ന സമയത്ത് അസ്സൽ കോപ്പിയും കാണിക്കുക, ഇല്ലെങ്കിൽ ചിലപ്പോൾ ഫോറത്തിൽ നഷ്ടപ്പെടാൻ സാദ്ധ്യതയുണ്ട്.

ഇന്ന് ഫോറത്തിൽ ഒരു കേസ് തീർക്കാൻനാലും അഞ്ചും പ്രാവശ്യം പോകേണ്ടി വരുന്നു. കർഷകനോട് അഭിഭാഷകരും, ഫോറം പ്രസിഡൻറും, ഉദ്യോഗസ്ഥൻമാരും അനിഷ്ടമായി പെരുമാറുന്നുണ്ട്. ഇത് മാറണമെങ്കിൽ എല്ലാവരും ഈ നിയമത്തെക്കുറിച്ച് അറിയണം. കർഷകർ നേരിട്ട് ഫോറത്തിൽ തന്റെ ഭാഗം വാദിക്കണം. എതിർ വാദിക്കുന്നത് ആരുമായികൊള്ളട്ടെ, അറിവ് നേടണം.

ഫോറംവിധി എന്താണെന്ന് വായിച്ചുമനസ്സിലാക്കിയേ നടപടി സ്വീകരിക്കാവൂ. നമ്മൾ ആരെയും ഭയപ്പെടേണ്ടതില്ല നിയമം പരിശുദ്ധമാണ് നമ്മുടേതാണ്. ഈ നിയമം നഷ്ടപ്പെടാതിരിക്കുവാൻ നമ്മുക്ക് ഒരുമിച്ച് ഒന്നായി അണിചേരാം.

# കർഷകന് പ്രയോജനകരമായ ചില ഫോറം വിധികൾ

## രജിസ്ട്രേഷൻ ഐ. ജി. യെ അറസ്റ്റ് ചെയ്ത് ഹാജരാക്കാൻ ഉത്തരവ്

രജിസ്ട്രേഷൻ ഐ ജിയെ അറസ്റ്റ് ചെയ്ത് ഒൻപതിനു കണ്ണൂർ ജില്ലാ ഉപഭോക്തൃ തർക്ക പരിഹാര ഫോറം മുമ്പാകെ ഹാജരാക്കാൻ തിരുവനന്തപുരം സിററി പോലീസ് കമ്മീഷണർക്കു ഫോറം പ്രസിഡണ്ട് ഉത്തരവ് നൽകി.

കുററ്യാട്ടൂർ കെ. ആർ. അരവിന്ദാക്ഷൻ നൽകിയ പരാതിയനുസരിച്ചു ഫോറം നൽകിയ വിധിയനുസരിക്കാത്തതിനാണ് അറസ്റ്റ്



വാറൻറ് കാടാച്ചിറ സബ്ബ് രജിസ്ട്രാർ ഓഫീസിൽ അരവിന്ദാക്ഷൻ ആധാരത്തിന്റെ പകർപ്പു കിട്ടാനായി അപേക്ഷ നൽകിയിരുന്നു. കണ്ണൂർ മുൻസിഫ് കോടതിയിൽ ഒരു കേസ് സംബന്ധിച്ചു രേഖ ഹാജരാക്കാൻ വേണ്ടിയായിരുന്നു ഇത്. അപേക്ഷാ ഫീസായി 267 രൂപയും നൽകി.

എന്നാൽ ഓഫീസിൽ സ്റ്റാഫില്ലാത്തതു കാരണം പകർപ്പു നൽകാനാവില്ലെന്ന് ഓഫീസിൽ നിന്നറിയിച്ചു. ഒടുവിൽ കോടതി മുഖാന്തരമാണ് അരവിന്ദാക്ഷന് ആധാരത്തിന്റെ കോപ്പിലഭിച്ചത്.

തന്റെ അപേക്ഷയനുസരിച്ച് ആധാരത്തിന്റെ പകർപ്പ് നൽകാത്തതിനാൽ അപേക്ഷാഫീസ് മടക്കി കിട്ടണമെന്ന് വാദിച്ച അരവിന്ദാക്ഷൻ ഫോറത്തിൽ എത്തി. പരാതി ശരിയാണെന്നു കണ്ടെത്തിയ ഫോറം 267 രൂപ മടക്കി കൊടുക്കാനും 260 രൂപ നഷ്ടപരിഹാരം നൽകാനും വിധിച്ചു. 1993 മെയ് 27ന് ആയിരുന്നു ഈ വിധി. ഒരു മാസത്തിനകം തുക നൽകണമെന്നായിരുന്നു ഉത്തരവ്. എന്നാൽ കാലാവധി കഴിഞ്ഞിട്ടും തുക കിട്ടാത്തതിനാൽ അരവിന്ദാക്ഷൻ ഫോറത്തെ സമീപിച്ചു. ഇതേ തുടർന്ന് ഫോറം ഐ. ജി.ക്കു ഷോ കോസ് നോട്ടീസ് അയച്ചു.

ഉപഭോക്തൃ സംരക്ഷണ നിയമത്തിലെ 27-ാം വകുപ്പ് പ്രകാരമാണ് കാരണം കാണിക്കൽ നോട്ടീസ് നൽകിയത്. ഈ വകുപ്പനുസരിച്ചു മൂന്നു വർഷം തടവോ, 10, 000 രൂപ പിഴയോ, ശിക്ഷ നൽകാം.

ഷോകോസ് നോട്ടീസ് ലഭിച്ചിട്ടും ബന്ധപ്പെട്ടവരാരും ഫോറത്തിൽ ഹാജരാകുകയോ വിശദീകരണം നൽകുകയോ ചെയ്തില്ല. തുടർന്നാണു രജിസ്ട്രേഷൻ ഐ. ജി. യെ അറസ്റ്റു ചെയ്തു ഹാജരാക്കാൻ വിധിച്ചത്.

## *ആധാരം മടക്കി നൽകിച്ചു.*

വൈക്കം സ്വദേശിയായ വി. ആർ. മാധവൻ വൈദ്യരുടെ മകൻ ബാങ്ക് ഓഫ് കൊച്ചിയുടെ ഉള്ളാല ശാഖയിൽ നിന്നും 1983 ൽ വസ്തുവിന്റെ ആധാരം പണയം വെച്ച് 10,000 രൂപ വായ്പ വാങ്ങി. പണം തിരിച്ചടയ്ക്കുന്നതിൽ വീഴ്ച വരുത്തി

യതിനെത്തുടർന്ന് ബാങ്ക് നിയമനടപടി സ്വീകരിച്ചു. കോടതിയിൽ രൂപ കെട്ടിവെച്ച് കേസ് അവസാനിപ്പിച്ചെങ്കിലും ബാങ്കിൽ നിന്നും ആധാരം തിരിച്ച് കിട്ടിയില്ല. ഇതിനിടെ ബാങ്ക് ഓഫ് കൊച്ചി സ്റ്റേറ്റ് ബാങ്ക് ഓഫ് ഇന്ത്യയിൽ ലയിക്കപ്പെട്ടു. ശ്രീ. മാധവൻ വൈദ്യർ രണ്ട് വർഷം ബാങ്കിൽ കയറിയിറങ്ങിയെങ്കിലും ആധാരം തിരികെ ലഭിക്കുകയുണ്ടായില്ല.

അവസാനം ഗത്യന്തരമില്ലാതെ വന്നപ്പോൾ ശ്രീ. വൈദ്യർ കോട്ടയം ജില്ലാ ഉപഭോക്തൃ തർക്ക പരിഹാരഫോറത്തിൽ ബാങ്കിനെതിരെ പരാതി നൽകി. തുടർന്ന് ബാങ്ക് ആധാരം ഫോറം മുമ്പാകെ എത്തിച്ചു. പരാതിയിൽ തീർപ്പ് കൽപ്പിച്ച ഫോറം പരാതിക്കാരനുണ്ടായ കഷ്ടനഷ്ടങ്ങളും മാനസിക വേദനയും കണക്കിലെടുത്ത് 2000 നഷ്ടപരിഹാരമായി, സ്റ്റേറ്റ് ബാങ്ക് ഓഫ് ഇന്ത്യയുടെ ഉള്ളാല ശാഖ നൽകണമെന്ന് വിധിച്ചു.

## പമ്പ് സെറ്റിന് അച്ചടിച്ച വില ബാധകമാണ്

കെ. എസ്. ബേബി കുന്നമ്പുള്ളി തൃശൂർ റയിൽവേസ്റ്റേഷൻ റോഡിലെ മേത്താളൂകുളം ബ്രദേഴ്സിൽ നിന്ന് വാങ്ങിയ മോണോ ബ്ലോക്ക് പമ്പ് സെറ്റിന് അച്ചടി വില 1525 രൂപയായിരുന്നെങ്കിലും 1550 രൂപ ഈടാക്കി. ബേബിയുടെ പരാതിയിന്മേൽ അധികം ഈടാക്കിയ തുക മടക്കി നൽകാൻ ബ്യൂറോ ആവശ്യപ്പെട്ടതു പ്രകാരം 25 രൂപ ബേബിയ്ക്കു മടക്കി നൽകി.

## വൈദ്യുതി ഉപഭോക്താവിന് കെ. എസ്. ഇ. ബി. [K. S. E. B] നഷ്ടപരിഹാരം നൽകണം.

കാസർകോടു ജില്ലയിലെ വെസ്റ്റ് എളേരി പഞ്ചായത്തിലെ ജെ. പി. തോട്ടം എന്ന വൈദ്യുതോപഭോക്താവ് പ്രതിമാസം ശരാശരി 18 യൂണിറ്റ് വൈദ്യുതി മാത്രമേ ഉപയോഗിച്ചിരുന്നുള്ളു. എന്നാൽ കേരള സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡിൽ നീലേശ്വരം ഓഫീസിൽ 150 യൂണിറ്റ് വൈദ്യുതി ഉപയോഗിക്കാവുന്ന 72 രൂപ പ്രതിമാസ ചാർജ്ജ് അടയ്ക്കേണ്ട കാറ്റഗറിയിലാണ് ഉൾപ്പെടുത്തിയിരിക്കുന്നത്. 1988 ആഗസ്റ്റ് മാസം മുതൽ 1989 മെയ് മാസം വരെ പ്രതിമാസം 72 രൂപ വീതവും 1989 മെയ് മാസം മുതൽ 1991 മാർച്ചുവരെ 35 രൂപ 70 പൈസ പ്രകാരവും വൈ



ദ്യുതി ബോർഡ് ഈ ഉപഭോക്താവിനോട് ഈടാക്കിയിരുന്നെങ്കിലും ബോർഡ് കാലാകാലങ്ങളിൽ കൃത്യമായി റീഡിംഗ് എടുക്കുകയോ അധികമായി ഈടാക്കിയ തുക പിന്നീടുള്ള ബില്ലിൽ അഡ്ജസ്റ്റു ചെയ്യുകയോ ചെയ്തിരുന്നില്ല. 1988 മുതൽ ഏകദേശം പത്തോളം പരാതികൾ വൈദ്യുതി ചാർജ്ജ് കുറയ്ക്കണമെന്നാവശ്യപ്പെട്ട് നൽകിയിരുന്നെങ്കിലും യാതൊരു നടപടിയും വൈദ്യുതി ബോർഡിൽ നിന്നും ഉണ്ടായില്ല.

എന്നാൽ അവസാനമായി 1992 ജനുവരിയിൽ ശ്രീ. തോട്ടം വീണ്ടും ചാർജുകുറയ്ക്കണമെന്നാവശ്യപ്പെട്ട് പരാതി അയച്ചതിനെത്തുടർന്ന്, അദ്ദേഹത്തെ കൺസഷൻ സ്ലാബിൽ ഉൾപ്പെടുത്തിയതായി ഭീമനടിയിലെ അസിസ്റ്റന്റു എഞ്ചിനീയർ അറിയിച്ചു.

ശ്രീ. തോട്ടം വൈദ്യുതി ബോർഡ് 1988 മുതൽ തന്നിൽ നിന്നും അധികമായി ഈടാക്കിയ തുകയും പത്തു പ്രാവശ്യം വിവിധ വൈദ്യുതി ഓഫീസുകളിൽ കയറിയിറങ്ങിയതിന്റെ ചിലവിലേയ്ക്ക് 1106 രൂപ 70 പൈസയും മറ്റു കഷ്ട നഷ്ടങ്ങൾക്കും കൂടി മൊത്തം 11501 രൂപ 70 പൈസ വൈദ്യുതി ബോർഡിൽ നിന്ന് കിട്ടണമെന്നാവശ്യപ്പെട്ട് കാസർകോട് ജില്ല ഉപഭോക്തൃ തർക്ക പരിഹാരഫോറത്തിൽ O. P 33/KSD/92 ആയി പരാതി നൽകി. പ്രസ്തുത പരാതിയിൽ വൈദ്യുതി ബോർഡ് അധികമായി ഈടാക്കിയ 1087 രൂപ 80 പൈസ 24% പലിശയോടുകൂടിയും കഷ്ട നഷ്ടങ്ങൾക്കായി 1000 രൂപയും അനുബന്ധ ചിലവുകൾക്കായി 650 രൂപയും നൽകാൻ ഫോറം ഉത്തരവിട്ടു. ടി. തുക അടയ്ക്കാത്ത പക്ഷം 2000 രൂപ പിഴയടക്കാനും വിധിയിൽ നിർദ്ദേശിച്ചിട്ടുണ്ട്.

## റേഷൻ കാർഡുടമയ്ക്ക് നഷ്ടപരിഹാരം

1992 ജൂൺ 14 മുതലുള്ള ആഴ്ചകളിൽ കാണക്കാരി 148-ാം നമ്പർ A. O. മത്തായിയുടെ റേഷൻ കടയിൽ നിന്നും കണിയാംകുന്നേൽ ശ്രീ. K. H. ജോണിന് അനുവാദമുണ്ടായിരുന്ന 14 യൂണിറ്റിനു പകരം 9 യൂണിറ്റ് മാത്രമേ കൊടുത്തിരുന്നുള്ളൂ. മൊത്തം റേഷൻ വിഹിതത്തിൽ 40% കുറച്ചാണ് താലൂക്ക് സപ്ലൈ ഓഫീസർ അനുവദിച്ചിരിക്കുന്നതെന്നാണ് കടക്കാരൻ ന്യായം പറഞ്ഞത്. 5 യൂണിറ്റ് അരി പൊതു വിപണിയിൽ നിന്നു കൂടുതൽ വിലയ്ക്കു വാങ്ങേണ്ടി വന്നതുമൂലം ആഴ്ചയിൽ 15 രൂപ വീത

10 ആഴ്ചത്തെ നഷ്ടപരിഹാരം ലഭിക്കാൻ കോട്ടയം ജില്ലാ ഉപഭോക്തൃ തർക്ക പരിഹാര ഫോറത്തിൽ പരാതി കൊടുത്തു. ജില്ലാ-താലൂക്ക് സപ്ലൈ ഓഫീസറന്മാരിൽ നിന്നും തെളിവെടുത്ത കോടതി, മനഃപൂർവ്വം നഷ്ടം വരുത്തിയ കടക്കാരൻ പരാതിക്കാരന് 150 രൂ. നഷ്ടപരിഹാരവും 100 രൂ. കോടതിച്ചെലവും കൊടുക്കാൻ വിധിച്ചു.

## ഇലക്ട്രിക്കൽസ് കടയുടമ നഷ്ടപരിഹാരം നൽകണം.

ഏററുമാനൂർ സിയോ ഇലക്ട്രിക്കൽസ് ഉടമ C. O. ബാബുവിനെതിരെ ശ്രീ. V. ശിവരാജൻ കൊടുത്തിരുന്ന പരാതിയിൽ കടയുടമ പരാതിക്കാരന് 666 രൂപ നഷ്ടപരിഹാരം കൊടുക്കാനും വിധിയായി. ഒരു വർഷത്തെ ഗാരണ്ടിയോടുകൂടി വിററ കോയിൽ സ്ററൗ എട്ടുമാസം കഴിഞ്ഞ് കേടായെങ്കിലും റിപ്പയർ ചെയ്തു കൊടുക്കാൻ കടയുടമ തയ്യാറായില്ല. സ്ററൗവിന്റെ വിൽപനയടക്കമുള്ള പരാതിയിലെ എല്ലാ ഇടപാടുകളും കടയുടമ നിഷേധിച്ചെങ്കിലും ഗാരണ്ടി കാർഡുമാത്രം മതിയായ തെളിവായി കണക്കാക്കിക്കൊണ്ടാണ് നഷ്ടപരിഹാരം നൽകാൻ കോടതി വിധിച്ചത്.

ശ്രീ. S. സാമുവൽ പ്രസിഡണ്ടും, ശ്രീ. ജോസ് K. ഉതുപ്പും ശ്രീ. മേരി ജോർജ് മെമ്പർമാരായുള്ള കോട്ടയം ജില്ലാ ഉപഭോക്തൃ തർക്ക പരിഹാര ഫോറമാണ് മേൽപ്പറഞ്ഞ രണ്ടു പരാതികളിലും വിധി പറഞ്ഞത്.

കാണക്കാരി ഉപഭോക്തൃ സംരക്ഷണ സമിതിയാണ് ഈ പരാതികൾ കോടതിയിലെത്തിച്ചതും ചുമതല ഏറെറടുത്തു നടത്തിയതും.

## നഷ്ട പരിഹാരം നല്കണം

മലപ്പുറം ജില്ലയിലെ പുന്നപ്പല സ്വദേശി ശ്രീ. കെ. എ. ശ്രീകുമാർ 1987 ൽ വണ്ടൂർ അഗ്രിക്കൾച്ചറൽ ഓഫീസറുടെ നിർദ്ദേശാനുസരണം 10,000/രൂപാ ചെലവാക്കി ഒരു ബയോഗ്യാസ് പ്ലാൻറ് സ്ഥാപിച്ചു. 7000 രൂപ വായ്പയായും 3000 രൂപ സബ്സിഡിയായും അനുവദിക്കപ്പെട്ടിരുന്നു. വായ്പ ഇനത്തിൽ 750 രൂപ



ഒഴിച്ച് ബാക്കി തുക ശ്രീകുമാർ തിരികെ അടച്ചു. എന്നാൽ അപ്പോഴേക്കും ബയോഗ്യാസ് പ്ലാൻറ് കേടായി. രണ്ടു തവണ റിപ്പയർ ചെയ്തെങ്കിലും പ്ലാൻറ് പ്രവർത്തനക്ഷമമായില്ല. പ്ലാൻറിന്റെ റിപ്പയർ ചെയ്തെങ്കിലും പ്ലാൻറ് പ്രവർത്തനക്ഷമമായില്ല. പ്ലാൻറിന്റെ റിപ്പയർ ജോലി അഗ്രികൾച്ചറൽ ഓഫീസിന്റെ ചുമതലയിൽ തന്നെയാണ് നടത്തിയത്. ബയോഗ്യാസ് പ്ലാൻറ് ഉപയോഗയോഗ്യമല്ലാത്തതുകൊണ്ട് വായ്പ തുക തിരികെ കിട്ടണമെന്ന് ആവശ്യപ്പെട്ട് ശ്രീ. ശ്രീകുമാർ കോഴിക്കോട് ജില്ലാ ഫോറത്തിൽ പരാതി നല്കി. എന്നാൽ മലപ്പുറത്ത് ഫോറം പ്രവർത്തിച്ചു തുടങ്ങിയതിനാൽ കേസ് മലപ്പുറം ഫോറത്തിലേക്ക് മാററപ്പെട്ടു. പരാതി വാദത്തിനെടുത്തപ്പോൾ എതിർകക്ഷി ഹാജരായില്ല. 1987 ഫെബ്രുവരി 25 മുതൽ 12 ശതമാനം പലിശയടക്കം 3400 രൂപയും നഷ്ടപരിഹാരമായി 300 രൂപയും നല്കാൻ ഫോറം വിധിച്ചു.

## മുളയ്ക്കാത്ത നെൽവിത്ത്

പരാതിക്കാരൻ 3 പറ നെൽവിത്ത് വിലയ്ക്കുവാങ്ങി. വിത്ത് വിതച്ചെങ്കിലും അത് മുളച്ചില്ല. തന്റെ കാർഷിക ജീവിതത്തിൽ ഇത് ആദ്യ സംഭവം ആണെന്നും മുളയ്ക്കാത്ത വിത്താണ് തനിക്ക് നൽകിയതെന്നും പരാതിക്കാരൻ പറഞ്ഞു. ജോലിക്കൂലിയും വളത്തിന്റെ വിലയുമായി നല്ല ഒരു സംഖ്യ ചെലവായതായി അദ്ദേഹം അറിയിച്ചു. നല്ല വിത്തായിരുന്നെങ്കിൽ 80 പറ നെല്ലു കൊയ്യാൻ കഴിയുമായിരുന്നുവെന്നും അതിന് 2400 രൂപ വില വരുമായിരുന്നുവെന്നും പരാതിക്കാരൻ പറഞ്ഞു. 3000 രൂപയുടെ വയ്ക്കോലും കിട്ടുമായിരുന്നു. തന്റെ വയലിനു ചുററുമുള്ള പാടങ്ങളിൽ നെല്ലു വിളഞ്ഞപ്പോൾ തന്റെ നിലം തരിശായി കിടന്നതിൽ തനിക്കുണ്ടായ ദുഃഖത്തിനും നഷ്ടപരിഹാരം ആവശ്യപ്പെട്ടു. ഇപ്രകാരം ഒരു പരാതി ഫോറത്തിൽ ഫയൽ ചെയ്യാം.

## കേടായ മേച്ചിലോട്

വായ്പയെടുത്തു നിർമ്മിച്ച വീടിനുവേണ്ടി ആയിരം മേച്ചിലോടു വാങ്ങി. അടുത്ത മഴയത്തു ഓടുകൾ പൊട്ടിപ്പോയി; വെള്ളം ഒലിച്ചൊഴുകി. വീട് ഇപ്പോൾ ഓലമേഞ്ഞിരിക്കുകയാണ്. ഫോറത്തിൽ പരാതി നല്കാം.

## റബർ കർഷക സംഘം പ്രസിഡണ്ട് നഷ്ട പരിഹാരം നല്കണം

പൊട്ടൻപ്ലാവ് റബ്ബർ കർഷക സംഘം പ്രസിഡണ്ട് അഗസ്ററിൻ കിഴക്കേ നാമത്ത് 1992-ൽ റബ്ബർ വളത്തിനും, തുരിശിനും മററുമായി അംഗങ്ങളിൽ നിന്നും പണം പിരിച്ചു. എന്നാൽ ഒരു വർഷം കഴിഞ്ഞിട്ടും വളമോ വാങ്ങിയ പണമോ തിരിച്ചു നൽകിയില്ല. കുടിയാന്മല ഉപഭോക്തൃ സമിതിയിൽ പരാതി നൽകിയ അംഗങ്ങൾക്ക് പണം തിരിച്ചുകൊടുക്കാമെന്ന് പ്രസിഡൻറ് സമ്മതിച്ചെങ്കിലും പറഞ്ഞ അവധിക്ക് പണം തിരികെ കൊടുക്കുവാൻ കൂട്ടാക്കിയില്ല. ഇതിനെ തുടർന്ന് കുടിയാന്മല ഉപഭോക്തൃ സമിതിയുടെ സഹായത്തോടെ മഞ്ചപ്പള്ളിയിൽ ജോണി, കിഴക്കേക്കരയിൽ മാണി, മഞ്ചപ്പള്ളിയിൽ ജേക്കബ് എന്നിവർ കണ്ണൂർ ജില്ലാ ഉപഭോക്തൃ തർക്ക പരിഹാര ഫോറത്തിൽ പരാതി നൽകി.

പരാതി സത്യമാണെന്ന് ബോദ്ധ്യപ്പെട്ടതിനാൽ ഫോറം ഓരോരുത്തരിൽനിന്നും വാങ്ങിയ പണവും അതിനു 18% പലിശയും നഷ്ടപരിഹാരമായി ഓരോരുത്തർക്കും ഇരുനൂറു രൂപ വീതവും നല്കാൻ വിധിയായി.

## ജപ്തി നടപടി മൂലം മാനഹാനി സംഭവിച്ചവർക്ക് നഷ്ടപരിഹാരം

മുഴുവൻ കുടിശികയും പിരിച്ചെടുത്തു കഴിഞ്ഞിട്ടും ജപ്തി നടപടി മൂലം മാനഹാനി സംഭവിച്ച ഉപഭോക്താവിന് 15000/- രൂപ നഷ്ടപരിഹാരമായി നൽകുന്നതിനും 1000 രൂപ കോടതി ചിലവിനും അധികമായി കൊടുത്ത 3000 രൂപ പലിശ ഉൾപ്പെടെ തിരികെ നൽകാനും വയനാട് ജില്ലാ ഉപഭോക്തൃ ഫോറം വിധിച്ചു.

സുൽത്താൻ ബത്തേരി കുവനിണ്ടിസിൽ കെ. കെ. രാമചന്ദ്രൻ ഫയൽ ചെയ്ത ഹർജിയിൻമേലാണ് ഈ ഉത്തരവ് പുറപ്പെടുവിച്ചിട്ടുള്ളത് ഹർജിക്കാരൻ കേരളാ സ്റ്റേററ് ഫൈനാൻഷ്യൽ കോർപ്പറേഷനിൽ നിന്നും 88000/- രൂപ വായ്പയെടുത്ത് ഒരു മെററഡോർ ടെമ്പോവാൻ വാങ്ങി. വാഹനം യുണൈററഡ് ഇൻഡ്യാ ഇൻഷ്യൂറൻസ് കമ്പിനിയിൽ ഇൻഷ്യൂർ ചെയ്തു. 30- 10- 89 ന് വാഹനം മോഷണം പോയി തുടർന്ന് അമ്പലവയൽ പോലീസ് സ്റ്റേഷനിൽ പരാതി നൽകി. ഇൻഷൂറൻസ് തുക ലഭിക്കു



ന്നതിനുള്ള അപേക്ഷ ഫൈനാൻഷ്യൽ കോർപ്പറേഷൻ മുഖേന യുണൈററഡ് ഇൻഡ്യാ ഇൻഷൂറൻസ് കമ്പിനിക്കയച്ചുകൊടുത്തു. വായ്പവകയിൽ ബാക്കിയുണ്ടായിരുന്ന 39404 രൂപയും പലിശയും ഈടാക്കുന്നതിനു വേണ്ടി ഫൈനാൻഷ്യൽ കോർപ്പറേഷൻ നടപടികളാരംഭിച്ചു.

മലപ്പുറത്തുള്ള കേരളാ ഫൈനാഷ്യൽ കോപ്പറേഷൻ ഡപ്യൂട്ടി തഹസീൽദാരുടെ ഓഫീസിൽ നിന്നും കുടിശിഖ ഇനത്തിൽ 39404 രൂപയും പലിശയും അടക്കണമെന്ന് കാണിച്ച് ഹർജിക്കാരന് നോട്ടീസ് ലഭിച്ചു. ഇതേ തുടർന്ന് 28–2–92ൽ ഫൈനാൻഷ്യൽ കോപ്പറേഷന്റെ കല്പററ ശാഖയിൽ 10000 രൂപ അടച്ചു. ഇതിനിടെ സുൽത്താൻ ബത്തേരി താലൂക്കാഫീസിൽ നിന്നും ഹർജിക്കാരന്റെ പക്കൽ നിന്നും 39404 രൂപയും പലിശയും ഇടാക്കുന്നതിന് റവന്യൂ റിക്കവറി നടത്തുന്നതിന് നോട്ടീസ് ലഭിച്ചു. ഇതിന്മേൽ ഹർജിക്കാരൻ ഗവൺമെൻറിലേക്ക് ഹർജി സമർപ്പിക്കുകയും, കുടിശിക തുക 14 തവണകളായി അടച്ചുതീർക്കുന്നതിനുള്ള ഉത്തരവ് സമ്പാദിക്കുകയും ചെയ്തു. സർക്കാർ ഉത്തരവിലെ നിബന്ധനയനുസരിച്ച് ഹർജിക്കാരൻ 3000 രൂപ പൂതാടി വില്ലേജ് ഓഫീസിൽ 27-3-93ൽ അടച്ചു. അതേ സമയം ഇൻഷൂറൻസ് കമ്പിനിയിൽ നിന്നും ലഭിക്കേണ്ടതായ 50000 രൂപയ്ക്ക് ചെക്ക് ഫൈനാൻഷ്യൽ കോർപ്പറേഷന്റെ ഹെഡ് ഓഫീസിൽ 28-1-91 ന് ലഭിച്ചു. ഫൈനാൻഷ്യൽ കോർപ്പറേഷൻ ചെക്ക് മാറി എടുക്കുകയും ഹർജിക്കാരന്റെ പേരിലുണ്ടായിരുന്ന കടം ഫയലിൽ കുറവു വരുത്തിയതായി കണക്കാക്കുകയും ചെയ്തു. തന്റെ പേരിലുള്ള റവന്യൂ റിക്കവറി നടപടികൾ പിൻവലിക്കണമെന്ന് ഫൈനാൻഷ്യൽ കോർപ്പറേഷനോ ഹർജിക്കാരൻ അറിയിച്ചെങ്കിലും യാതൊരു നടപടിയും ഉണ്ടായില്ല. ഹർജിക്കാരന്റെ പേരിൽ പൂതാടി വില്ലേജിലുണ്ടായിരുന്ന 30 സെൻറ് സ്ഥലം 7-5-91 ൽ റവന്യൂ അധികാരികൾ ജപ്തി ചെയ്തു തുകയും പലിശയും ചെലവ് സഹിതം 15 ദിവസത്തിനുള്ളിൽ അടച്ചു തീർത്തില്ലെങ്കിൽ ജപ്തി ചെയ്ത ഭൂമി ലേലത്തിൽ വില്ക്കുമെന്നുള്ള നോട്ടീസും നല്കി.

മൊത്തം കുടിശിക 39404 ആണെന്നിരിക്കെ ഹർജിക്കാരനിൽ നിന്നും 63000/–വസൂലാക്കുകയും തുടർന്ന് 30 സെൻറ് സ്ഥലം ജപ്തി ചെയ്യുകയും ചെയ്ത നടപടി നീതീകരിക്കാൻ കഴിയുകയില്ല അധികാരികളുടെ ഭാഗത്തു നിന്നും ഗുരുതരമായ കൃത്യ

വിലാപം ഉണ്ടായെന്നും സർക്കാർ സർവ്വീസിൽ ഡ്രൈവർ ആയി ജോലി നോക്കുന്ന ഹർജിക്കാരന് അതിയായ മാനസികപീഡനവും മാനഹാനിയും സംഭവിച്ചിട്ടുണ്ടെന്നും ഉപഭോക്തൃ തർക്ക പരിഹാര ഫോറത്തിന് സംശയലേശമെന്യേ ബോധ്യം വന്നതിനെ തുടർന്നാണ് മേൽപറഞ്ഞ വിധി പ്രഖ്യാപിക്കപ്പെട്ടത്. വിധി പ്രകാരമുള്ള സംഖ്യ ഉത്തരവ് കൈപ്പററി ഒരു മാസത്തിനുള്ളിൽ കൊടുത്ത് തീർത്തില്ലെങ്കിൽ ഉപഭോക്തൃ സംരക്ഷണ നിയമം 27-ാം വകുപ്പ് പ്രകാരമുള്ള നടപടിക്ക് എതിർ കക്ഷികൾ വിധേയരാകുമെന്ന് വിധിന്യായത്തിൽ വ്യക്തമാക്കിയിട്ടുണ്ട്.

## *സഹകരണ ബാങ്കിലെ ഓഹരി തുക തിരികെ നൽകണം*

1985 മുതൽ കട്ടപ്പന അർബൻ സഹകരണ ബാങ്കിൽ അംഗമായിരുന്ന രാജക്കാട് സ്വദേശി ടി. ജി. ശശികുമാർ ഓഹരിതുകയായ 1000 രൂപ തിരികെ ആവശ്യപ്പെട്ട് ബാങ്ക് അധികൃതരോടും സഹകരണ വകുപ്പധികൃതരോടും ആവശ്യപ്പെട്ടിട്ടും ലഭിക്കാത്തതിനാൽ ശ്രീ ശശികുമാർ ഇടുക്കി ജില്ലാ ഉപഭോക്തൃ തർക്ക പരിഹാരഫോറത്തിൽ ബാങ്കിനെതിരെ പരാതി നൽകി. പരാതിയിൻ വാദം കേട്ടതിന് ശേഷം ശ്രീ ശശികുമാറിന് ഓഹരിത്തുകയായ 1000 രൂപയും പുറമേ 400 രൂപ നഷ്ടപരിഹാരവും 100 രൂപ കോടതി ചെലവും ഒരു മാസത്തിനകം നൽകണമെന്ന് വിധിച്ചു.

## *സ്ററീരിയോയുടെ വില പലിശ സഹിതം മടക്കികൊടുക്കണം*

എറണാകുളം ജില്ലയിൽ മുരിങ്ങൂർ സ്വദേശി അടുത്തുപറമ്പിൽ എ. മുരുകൻ എറണാകുളം എം. ജി. റോഡിലെ 'ലീഡർ ഇലക്ട്രോണിക്സി'ൽ നിന്നും 1987 ഡിസംബർ 12ന് 2451 രൂപ കൊടുത്ത് ഒരു സ്ററീരിയോ വാങ്ങി. ആറുമാസത്തെ ഗ്യാരണ്ടി ഉണ്ടായിരുന്നു. അതിന് മുമ്പു തന്നെ സ്റ്റീരിയോ തകരാറിലായി. ഇതേ തുടർന്നു നഗരത്തിലെ ലാവാസ് എന്ന സ്ഥാപനത്തിൽ ഡീലറുടെ നിർദ്ദേശ പ്രകാരം നന്നാക്കാനായി കൊടുത്തു. വീണ്ടും കേടായപ്പോഴും ഇവിടെത്തന്നെയാണ് നന്നാക്കാൻ കൊടുത്തത്. വീണ്ടും സ്റ്റീരിയോ പ്രവർത്തിക്കാതായി കേടായ ഭാഗങ്ങൾ പുതിയവ ഉപയോഗിച്ച് നന്നാക്കണമെന്നാവശ്യപ്പെട്ട് ശ്രീ. മുരുകൻ പല പ്രാ



വശ്യം കത്തെഴുതിയെങ്കിലും കടയുടമയിൽ നിന്നും യാതൊരു മറുപടിയും കിട്ടിയില്ല.

ഇതേ തുടർന്ന് ശ്രീ. മുരുകൻ സ്റ്റീരിയോയുടെ വിലയായ 2451 രൂപയും, നഷ്ട പരിഹാരവും ആവശ്യപ്പെട്ട് എറണാകുളം ഉപഭോക്തൃ തർക്ക പരിഹാര ഫോറത്തിൽ പരാതി നൽകി. ഇരുഭാഗത്തെയും വാദം കേട്ടശേഷം, സ്റ്റീരിയോയുടെ വിലയായ 2451 രൂപ, 12% പലിശയടക്കം തിരിയെ നൽകണമെന്നും കൂടാതെ 250 രൂപ നഷ്ട പരിഹാരമായി പരാതിക്കാരന് നൽകണമെന്നും ജില്ലാ ഫോറം വിധിച്ചു.

## കുറിക്കമ്പനിക്കെതിരെ വിധി

ചാലക്കുടിയിലെ കുറിക്കമ്പനിയായ ഗാർഡിയൽ എൻറർപ്രൈസസ് 1990 ഓഗസ്റ്റിൽ പ്രവർത്തനം നിറുത്തി. വരിക്കാരിയായ ശ്രീമതി അന്നക്കുട്ടി ദേവസ്സിക്ക് നൽകാനുണ്ടായിരുന്ന 6724/ രൂപ 40 പൈസ നൽകാത്തതിനെ തുടർന്ന് അവർ ചാലക്കുടി പോലീസ് സർക്കിൾ ഇൻസ്പെക്ടറർക്ക് പരാതി നൽകി. സർക്കിൾ ഇൻസ്പെക്ടറുടെ മദ്ധ്യസ്ഥതയിൽ 2000 രൂപ കമ്പനി നൽകി ബാക്കി തുക നൽകാത്തതിനെ തുടർന്ന് ശ്രീമതി അന്നക്കുട്ടി തൃശൂർ ജില്ലാ ഫോറത്തിൽപരാതി സമർപ്പിച്ചു. പ്രസ്തുതപരാതിയിൽകമ്പനി ഉടമകളായ കെ. ഒ. ഇട്ടൂപ്പ്; എം. ജെ. വോൾവാസ് എന്നിവർ പരാതിക്കാരിയായ ശ്രീമതി അന്നക്കുട്ടിദേവസിക്ക് ബാക്കിതുകയായ 4724 രൂപ 40 പൈസ 12% പലിശസഹിതംനൽകാൻവിധിച്ചു.

## പശുവിനെ നൽകി വഞ്ചിച്ചതിന് നഷ്ടപരിഹാരം

രാവിലെ രണ്ടര ലിററും, വൈകുന്നേരം ഒന്നേകാൽ ലിററും പാൽ കിട്ടുമെന്ന് പറഞ്ഞ് വിശ്വസിപ്പിച്ച് വിലയ്ക്കു വാങ്ങിയ പശുവിന് രാവിലെ ഒന്നേകാൽ ലിററും, വൈകുന്നേരം അര ലിററും പാൽ മാത്രമാണ് കിട്ടുന്നത്. വാങ്ങി ഏതാനും ദിവസം കഴിഞ്ഞപ്പോൾ പഴുപ്പ് പോകാൻ തുടങ്ങി. മൃഗഡോക്ടറെ കാണിച്ച് മരുന്നു കൊടുത്തു. പശുവിനെ കുത്തിവയ്പിക്കാൻ കൊണ്ടു ചെന്നു. പശുവിന് ചെന പിടിക്കുന്നില്ല എന്നും ഗർഭപാത്രം അടഞ്ഞിരിക്കുന്നതിനാലാണെന്നും ഡോക്ടർ സർട്ടിഫിക്കററും തന്നു. പശുവിനെ തന്ന ആളിനെ കണ്ട് വിവരങ്ങൾ പറ

ഞ്ഞു. പശുവിനെ തിരികെ എടുക്കണമെന്ന് ആവശ്യപ്പെട്ടു. അയാൾ അതിന് വഴങ്ങുന്നില്ല പ്രശ്നപരിഹാരത്തിന് എന്തു ചെയ്യാൻ കഴിയും.

ഈ തർക്കം സംബന്ധിച്ചുള്ള പരാതി 'അനുചിത വ്യാപാര ഇടപാട്' എന്ന് സ്ഥാപിക്കുന്നതിന് പര്യാപ്തമായ തെളിവ് അല്ലെങ്കിൽ സാക്ഷിയോടുകൂടി കൈവശമുള്ള രേഖകൾ സഹിതം ജില്ലയിലെ ഉപഭോക്തൃ തർക്ക പരിഹാര ഫോറത്തിൽ നൽകുക. തർക്കം ഫോറത്തിന് ബോദ്ധ്യമായാൽ നീതി ലഭിക്കും.

## ബാങ്ക് പിഴയും നഷ്ടപരിഹാരവും നൽകണം

കാഞ്ഞങ്ങാട് സ്വദേശി ശ്രീ. അരവിന്ദൻ മാണിക്കോത്ത് രണ്ടു തവണയായി 2000 രൂപയുടെയും 128 രൂപയുടെയും ചെക്കുകൾ തനിക്ക് അക്കൗണ്ടുള്ള കാസർഗോഡ് ജില്ല സഹകരണ ബാങ്കിന്റെ കാഞ്ഞങ്ങാട് സായാഹ്ന ശാഖയിൽ ഏൽപിച്ചു. 1991 ഫെബ്രുവരി മാസത്തിൽ ഏൽപിച്ച ചെക്കുകൾ അരവിന്ദന്റെ അക്കൗണ്ടിൽ വരവ് വെച്ചതായി കാണാഞ്ഞതിനെ തുടർന്ന് ബാങ്ക് മാനേജരോട് പരാതിപ്പെട്ടപ്പോൾ ചെക്ക് കാണുന്നില്ല എന്ന മറുപടിയാണ് ലഭിച്ചത്. ഇത് സംബന്ധിച്ച് ജില്ലാ ഉപഭോക്തൃ തർക്ക പരിഹാര ഫോറത്തിൽ പരാതി നൽകി പ്രസ്തുത കേസിൽ, ചെക്ക് ഏൽപിച്ച ദിവസം മുതൽ, ചെക്ക് തുകകൾ 20 ശതമാനം പലിശയോടുകൂടി പരാതിക്കാരന് കൊടുക്കുന്നതിനും 500 രൂപ നഷ്ടപരിഹാരമായി നൽകുന്നതിനും ഫോറം വിധിച്ചു. ഒരു മാസത്തിനുള്ളിൽ തുക കൊടുക്കാത്ത പക്ഷം 200 രൂപ അധിക പിഴയും ബാങ്ക് നൽകണമെന്നും വിധിയിൽ പറയുന്നു.

## ഇറിഗേഷൻ എക്സിക്യൂട്ടീവ് എൻജിനീയർ നഷ്ട പരിഹാരം നൽകണം.

കോലഞ്ചേരി ചത്തേട്ട് ഹൗസിലെത്തി കെ. കുഞ്ഞ്. പെരിയാർവാലി ഇറിഗേഷൻ എക്സിക്യൂട്ടീവ് എൻജിനീയർക്കെതിരെ തന്റെ 70 സെന്റിലെ നെൽകൃഷി വെള്ളം കിട്ടാത്തതുകൊണ്ട് നശിച്ചു പോയതിനെ തുടർന്നു 6000 രൂപ നഷ്ടപരിഹാരം ആവശ്യപ്പെട്ടു കൊണ്ട് ഉപഭോക്തൃ തർക്ക പരിഹാരഫോറം മുമ്പാകെ പരാതിസമർപ്പിച്ചു. പരാതിക്കാരന് പെരിയാർവാലി പദ്ധതിയും



ആയി യതൊരു കരാറും ഇല്ലെന്നും അതുകൊണ്ട് നഷ്ടപരിഹാരം നൽകേണ്ടതില്ല എന്നും ആയിരുന്നു എതിർവാദം.

മൂവാററുപുഴ ആർ. ഡി. ഒ. ഓഫീസിൽ ജലസേചന നികുതി അടച്ച രസീത് പരാതിക്കാരൻ ഹാജരാക്കി. ഇതനുസരിച്ച് കൃഷി സമയത്ത് വേണ്ടവെള്ളംനൽകുന്നതിനുള്ള ബാദ്ധ്യത പദ്ധതിക്കുണ്ടെന്ന് ഫോറം അഭിപ്രായപ്പെട്ടു. കനാലിലെ വെള്ളം കിട്ടാത്തതുകൊണ്ട് കൃഷി നാശം ഉണ്ടായതായി മുഴുവന്നൂർ പഞ്ചായത്ത് പ്രസിഡന്റ് കർഷകന് സർട്ടിഫിക്കററും നൽകിയിട്ടുണ്ട് അതുകൊണ്ട് നഷ്ടപരിഹാരം നൽകാൻ പദ്ധതിക്ക് ബാദ്ധ്യതയുണ്ട് 6000 രൂപ നഷ്ടപരിഹാരമായി ആവശ്യപ്പെട്ടിട്ടുണ്ടെങ്കിലും നഷ്ടം എത്രയെന്ന് തെളിയിക്കാനായി പരാതിക്കാരൻ രേഖകളൊന്നും ഹാജരാക്കിട്ടില്ല. അതുകൊണ്ട് 2000 രൂപ നൽകുവാൻ ഫോറം ഉത്തരവായി. തുക ഒരു മാസത്തിനകം നൽകാത്ത പക്ഷം 10, 000 രൂപ പിഴയോ 3 വർഷം തടവോ ശിക്ഷ ലഭിക്കും എന്നും ഉത്തരവിൽ പറഞ്ഞിട്ടുണ്ട്.

## ക്ലേശകരമായ ബസ് യാത്രക്ക് നഷ്ടപരിഹാരം

ശ്രീ കോട്ട സൂര്യനാരായണനും പത്നിയും ഹണിമൂൺ ആഘോഷത്തിനായി 26–5–91ൽ ബാംഗ്ലൂരിലെത്തി. അവിടെ നിന്നും ഊട്ടിയിലേയ്ക്കും തിരിച്ച് ബാംഗ്ലൂരിലേക്കും 900 രൂപ മുടക്കി ററി ബി ഒ ട്രാവൽസ് കമ്പനിയുടെ വീഡിയോ കോച്ച് ബസ്സിൽ ടിക്കററെടുത്തു. എന്നാൽ സൂര്യ നാരായണനും പത്നിക്കും വീഡിയോ കോച്ചിൽ യാത്ര ചെയ്യാനായില്ല, പകരം സ്വരാജ് മസ്ഡ വാനിൽ യാത്ര ചെയ്യേണ്ടി വന്നു. വാനിലാണെങ്കിൽ സീററിംഗ് സംവിധാനം തീരെ മോശമായിരുന്നു താനും. ശ്രീ നാരായണൻ ജില്ലാ തർക്ക പരിഹാര ഫോറത്തിൽ പരാതി നൽകി. കേസു കേട്ട ഫോറം 5000 രൂപ നഷ്ട പരിഹാരം നൽകാൻ വിധിച്ചു. ഈ വിധിക്കെതിരെ ററി ബി ട്രാവൽസ് കർണ്ണാടക സ്റേററ് കമ്മീഷനിൽ അപ്പീൽ ബോധിപ്പിച്ചു. അപ്പീൽ ഭാഗികമായി അനുവദിച്ച് സ്റേററ് കമ്മീഷൻ ററി ബി ട്രാവൽസിനോട് 2000 രൂപ നഷ്ട പരിഹാരം നൽകാൻ വിധിച്ചു.

## നഷ്ടപരിഹാരം ഉദ്യോഗസ്ഥൻമാർ നൽകണം

കണ്ണൂർ ജില്ല ഫോറം മെയ് 7ന് നടത്തിയ വിധി പ്രഖ്യാപനം ഇന്നത്തെ കാലഘട്ടത്തിൽ അതിപ്രധാനമാണ്.

ഖാദി ആൻറ് വില്ലേജ് ഇൻഡസ്ട്രീസിൽനിന്നും മാടനംതെരിയിലെ ശ്രീ. രവീന്ദ്രൻ നാൽപതിനായിരം രൂപ 4.856 ഏക്കർ സ്ഥലം ഈടുനൽകി കടമെടുത്തു. ഈ കടം അവധിക്കുമുമ്പു തന്നെ തീർത്ത് അടച്ച് ആധാരം മടക്കി ആവശ്യപ്പെട്ടു. റബർകൃഷി ചെയ്യുന്നതിനുവേണ്ടി തലശ്ശേരി കാർഷിക ഭൂപണയ ബാങ്കിൽ നിന്ന് പണം കടം എടുക്കുന്നതിനു വേണ്ടിയായിരുന്നു. എന്നാൽ ഖാദി ബോർഡ് സെക്രട്ടറി ഈ രേഖകൾ ഏകദേശം 8 മാസത്തോളം താമസിപ്പിച്ചു. ഒരു മാസത്തിനുള്ളിൽ രേഖകൾ തിരിച്ചു നൽകാമെന്ന് വ്യവസ്ഥ ഉള്ളപ്പോഴാണ് ഈ കാലതാമസം ഉണ്ടായത്. ഇതിനെതിരെ ഫോറത്തിൽ നൽകിയ പരാതിയിൽ ഖാദി ആൻറ് വില്ലേജ് ഇൻഡസ്ട്രീസ് സിക്രട്ടറി രണ്ടായിരം രൂപ നഷ്ടപരിഹാരം നൽകുവാൻ ഫോറം വിധിച്ചു. ഈ തുക അദ്ദേഹവും അദ്ദേഹത്തിൻെറ കീഴുദ്യോഗസ്ഥൻമാരിൽ ഉത്തരവാദികളായവരിൽ നിന്ന് ഈടാക്കാനും ഫോറം കൽപിച്ചു. രണ്ടുമാസത്തിനുള്ളിൽ നഷ്ടപരിഹാരം നൽകേണ്ടതാണ്.

## അമിതമായി ഈടാക്കിയ പലിശതിരിച്ചുനൽകാൻവിധി

കൊല്ലം ജില്ലയിൽ കുളക്കട സ്വദേശി ശ്രീ. രാധാകൃഷ്ണപിള്ള 1987 മാർച്ച് 4ന് 171 ഗ്രാം സ്വർണ്ണം പണയപ്പെടുത്തി, കൊല്ലം മിനി മുത്തൂററ് മ്യൂച്ചൽ ഫണ്ടിൽ നിന്ന് 23,000 രൂപ വാങ്ങി. 1989 മെയ് 2 ന് സ്വർണ്ണം തിരിച്ചെടുക്കാൻ ചെന്നപ്പോൾ പലിശയടക്കം 40630 രൂപ നൽകണമെന്ന് അറിയിച്ചപ്പോൾ ശ്രീ. പിള്ള ഞെട്ടിപ്പോയി. ഈ തുക വളരെ അധികമാണെന്ന് ശ്രീ. പിള്ള പറഞ്ഞപ്പോൾ, ബാങ്കിൻെറ കോഴഞ്ചേരിയിലുള്ള ഹെഡ് ഓഫീസുമായി ബന്ധപ്പെട്ടപ്പോൾ 1000 രൂപ കുറവു ചെയ്തു കിട്ടി. 39630 രൂപ നൽകി, പിള്ള പണയം തിരിച്ചെടുത്തു.

തന്നിൽ നിന്ന് അമിതമായി പലിശ ഈടാക്കിയെന്ന് ആരോപിച്ച് ശ്രീ. പിള്ള കൊല്ലം ഉപഭോക്തൃ തർക്ക പരിഹാര ഫോറത്തിൽ പരാതി സമർപ്പിച്ചു. കേസ് വാദത്തിനെടുത്തപ്പോൾ, തങ്ങൾ കമ്പനീസ് ആക്ട് 620 A പ്രകാരവും രജിസ്റ്റർചെയ്യപ്പെട്ടതാണെന്നും ബാങ്കിൻെറ പരിധിയിൽ വരുന്നതല്ലെന്നും മുത്തൂററ് മ്യൂച്ചൽ ഫണ്ട് വാദിച്ചു. എന്നാൽ ഫോറം ഈ വാദഗതി അംഗീകരിച്ചില്ല. പണം കടം കൊടുത്താൽ ബാങ്കിൻെറ നിർവ്വചനത്തിൽ വരുമെന്നും പരാതിക്കാരൻ ഉപഭോക്താവാണെന്നും ഫോറം വ്യക്തമാക്കി, മിനി മുത്തൂററ് മ്യൂച്ചൽ ഫണ്ട് അധികമായി ഈടാക്കിയ 440 രൂപ 18 ശതമാനം പലിശ സഹിതം തിരികെ നൽകാൻ ഫോറം വിധിച്ചു.

**ഇന്ത്യയിലെ ആദ്യ ഉപഭോക്തൃബോധവല്ക്കരണ ദിനപത്രം 'കൺസ്യൂമർ ന്യൂസും' കുട്ടികൾക്കായുള്ള ഉപഭോക്തൃ സംരക്ഷണ നിയമ സംബന്ധമായ ഇന്ത്യയിലെ ആദ്യ മാസിക- 'കൺസ്യൂമർ സ്ററുഡൻറും' എടൂരിൽ നിന്നും പ്രസിദ്ധീകരിക്കുന്നു.**

***വായിക്കുക - പ്രചരിപ്പിക്കുക - വരിക്കാരാകുക***

കൺസ്യൂമർ ന്യൂസ് ദിനപത്രം ഒരു ലക്കം 80 പൈസ. മാസം 20/-

കൺസ്യൂമർ സ്ററുഡൻറ് ഒരു വർഷത്തേക്ക് 12 രൂപ.

### കൺസ്യൂമർ ന്യൂസ് മാസിക!!

കഴിഞ്ഞ അഞ്ചു വർഷമായി പ്രസിദ്ധീകരിച്ചു വരുന്ന കൺസ്യൂമർ ന്യൂസ് മാസിക ***ഉപഭോക്താവിൻെറ ശബ്ദം!***

വായിക്കൂ-ചൂഷണത്തിൽ നിന്നും മോചിതരാകൂ

ഒരു വർഷം 12 രൂപ അഞ്ചു വർഷം- 60/- (പോസ്റ്റേജ് സൗജന്യം)

**ഇംഗ്ലീഷ് പതിപ്പ് ഉടൻ ആരംഭിക്കുന്നു.**

Yearly Subscription-60/
Send your M.O. or I.P.O. to, Consumer News.
Payam P. O. 670 704

### ഇന്ത്യൻ ഭരണഘടന സാധാരണ ജനങ്ങൾക്ക്.

നിങ്ങളുടെ വീട്ടിൽ **"ഇന്ത്യൻ ഭരണഘടന"** ഉണ്ടോ?

നമ്മുടെ രാജ്യത്തിൻെറ ഭരണഘടന വായിക്കുവാനും അറിയുവാനും പ്രയോഗത്തിലാക്കുവാനും നമ്മുക്കു കടമയില്ലേ?

ഇതാ എല്ലാവർക്കും മനസ്സിലാകുന്ന ഭാഷയിൽ **ചോദ്യോത്തര രൂപത്തിൽ മലയാളത്തിലാദ്യമായി** പ്രസിദ്ധീകരിച്ചിരിക്കുന്നു. സുപ്രീം കോടതി അഡ്വ. **P. D. മാത്യു** തയ്യാറാക്കിയത്.

വിവാഹം, ഗൃഹ പ്രവേശനം മുതലായ മംഗളകർമ്മങ്ങൾക്ക് സമ്മാനം നൽകുവാൻ-ഒപ്പം നിങ്ങളെ ഓർമ്മിക്കുവാനും!!

എൺപതു രൂപ വിലയുള്ള പുസ്തകം കുടിയേററ ജൂബിലി പ്രമാണിച്ച് (ഓരോ വീട്ടിലും എത്തേണ്ടതിന്) എഴുപതു രൂപ വിലക്ക് ലഭിക്കുന്നതാണ്. ജനുവരി 26 വരെ ഈ സൗജന്യം പ്രയോജനപ്പെടുത്താം.

കൺസ്യൂമർ ന്യൂസ് ബുക്ക് ക്ലബ്ബ്, എടൂർ,
പായം പി. ഒ. 670 704

[ഉപഭോക്തൃ നിയമപഠന ക്ലാസുകൾ ഓരോ ഗ്രാമത്തിലും നടത്തുവാൻ ബന്ധപ്പെടുക. NOCER-INDIA-670 704.]

# ഉപഭോക്താക്കൾ വായിക്കേണ്ടും പുസ്തകങ്ങൾ

1. ഉപഭോക്തൃസംരക്ഷണ നിയമം സാധാരണക്കാരന്റെ നിയമം വില 2/-
2. വനിതകളും ഉപഭോക്തൃ സംരക്ഷണനിയമവും — വില 2 രൂപ
3. ഉപഭോക്തൃ തർക്ക പരിഹാര ഫോറത്തിൽ പരാതി സമർപ്പിക്കുന്നതെങ്ങനെ? — വില 3 രൂപ
4. പോലീസും ജനങ്ങളും — വില 3 രൂപ
5. അളവുകളും തൂക്കങ്ങളും ഒരു വിശദീകരണം — വില 2 രൂപ
6. മായം ചേർക്കൽ കണ്ടുപിടിക്കുന്നതെങ്ങനെ? — വില 2 രൂപ
7. തിരഞ്ഞെടുത്ത തർക്കപരിഹാര ഫോറം വിധികൾ — വില 3 രൂപ
8. ബസ്സും ഉപഭോക്താവും — വില 3 രൂപ
9. ഉപഭോക്തൃ സംരക്ഷണ നിയമം 1986, 1993 ലെ ഭേദഗതികൾ ഉൾപ്പെടെ — വില 8 രൂപ
10. എന്തിനെല്ലാം പരാതി സമർപ്പിക്കാം? — വില 2 രൂപ
11. ഉപഭോക്താക്കൾ അറിയേണ്ടും കാര്യങ്ങൾ — വില 2 രൂപ
12. ഉപഭോക്തൃ സംരക്ഷണ സമിതികളുടെ രൂപീകരണവും പ്രസക്തിയും — വില 2 രൂപ
13. ഗാന്ധിയൻ ആദർശങ്ങളും ഉപഭോക്തൃ സംരക്ഷണ നിയമവും — വില 2 രൂപ
14. ഹായ് ഐസ്ക്രീം (കുട്ടികളുടെ ഉപഭോക്തൃ വിദ്യാഭ്യാസ പുസ്തകം) — വില 1 50
15. അഭിഭാഷകരെക്കുറിച്ച് നിങ്ങൾക്ക് എന്തറിയാം? — വില 3 രൂപ
16. ലഹരിയും ഉപഭോക്താവും — വില 2 രൂപ
17. കർഷകനും ഉപഭോക്തൃ സംരക്ഷണ നിയമവും — വില 3 രൂപ
18. വൈദ്യുതിയും ഉപഭോക്താവും — വില 3 രൂപ
19. കെട്ടിട നിർമ്മാണവും ഉപഭോക്തൃസംരക്ഷണ നിയമവും — വില 3 രൂപ
20. ഉണരൂ! സമയമായി! — വില 1 രൂപ
21. ഇതാ നമ്മൾ രാജാക്കൻമാർ — വില 1 രൂപ
22. കർഫ്യൂ (നിയമം കുട്ടികൾക്ക്) — വില 2 രൂപ
23. അറസ്റ്റ്-നിങ്ങളുടെ അവകാശങ്ങൾ — വില 3 രൂപ
24. എയ്ഡ്സ് — വില 3 രൂപ
25. പഞ്ചായത്തീരാജും-ഉപഭോക്താവും — വില 3 രൂപ
26. ഡോക്ടർമാരും ഉപഭോക്തൃ സംരക്ഷണ നിയമവും — വില 3 രൂപ
27. ഉപഭോക്താ ജാഗരൂകതാ ഏവം സംരക്ഷൺ (ഹിന്ദി) — വില 3 50
28. How to submit complaints in the Consumer Dispute Redressal Forum- — Rs.5/-
29. Awake!!!It's time — Rs.2/-
30. ഇന്ത്യൻ ഭരണ ഘടന (സാധാരണ ജനങ്ങൾക്ക്) — വില 80 രൂപ

എല്ലാ പുസ്തകവും ഒരുമിച്ചു വാങ്ങുന്നവർക്ക് പോസ്റ്റേജ് സൗജന്യം. പണം മണിഓർഡറായി മുൻകൂർ അയയ്ക്കുക-

കോപ്പികൾക്ക്,

കൺസ്യൂമർ ന്യൂസ് ബുക്ക് ക്ലബ്ബ്, എടൂർ പായം 670 704